# കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1036

20/03/2012-ൽ മറുപടിയ്ക്ക്

## സ്വകാര്യ സ്വാശ്രയ മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. എ. ബേബി. | | ശ്രീ. പി. കെ. അബ്ദുറബ്ബ് (ഉന്നത. വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) 2011-ൽ സ്വകാര്യ സ്വാശ്രയ മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് സർക്കാർ മാനേജ്മെന്റ് അസോസിയേഷനുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളിൽ ന്യൂനപക്ഷ പദവി ഇല്ലാത്ത കോളെജുകൾക്ക് 2010-ലെ വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി പുതിയ സംവരണം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) | സർക്കാർ ഉത്തരവ് (എം.എസ്സ്) നം.142/11/ഉ.വി.വ തീയ്യതി 19/08/2011 പ്രകാരം, ന്യൂനപക്ഷ പദവി ഇല്ലാത്ത പ്രസ്തുത സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് പ്രതിനിധാനം ചെയ്യുന്ന സമുദായം/രജിസ്റ്റേഡ് സൊസൈറ്റി/ട്രസ്റ്റ് എന്നിവയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് മൊത്തം സീറ്റിന്റെ 15% മെറിറ്റ് അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്യുന്ന 50% സീറ്റിൽ നിന്ന് നൽകുവാൻ വ്യവസ്ഥയുണ്ട്, കൂടാതെ സർക്കാർ ഉത്തരവ് (സാധാ) നം.3096/11/ആ.കു.വ. തീയ്യതി 27/08/2011 പ്രകാരവും, സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രസ്തുത വിദ്യാർത്ഥികൾക്ക് 30% സീറ്റ് മെറിറ്റ് അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്യുന്ന 50% സീറ്റിൽ നിന്ന് നൽകുവാൻ വ്യവസ്ഥയുണ്ട് |
| (ബി) മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളിൽ സംവരണ തത്വം പാലിച്ചുകൊണ്ട് പൊതുഅലോട്ടുമെന്റ് നടത്താവുന്ന സീറ്റുകളുടെ എണ്ണത്തിൽ ന്യൂനപക്ഷപദവി ഇല്ലാത്ത കോളെജുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ഈ പുതിയ സംവരണം മൂലം കുറവു വന്നിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) ഇങ്ങനെ സംവരണം ഏർപ്പെടുത്തുക വഴി എസ്.സി. എസ്.ടി, ഈഴവ, മുസ്ലീം, | | |

| | | |
|---|---|---|
| ക്രിസ്ത്യൻ എൽ.സി., പിന്നോക്ക ഹിന്ദു/ക്രിസ്ത്യൻ, കുടുംബി എന്നീ സംവരണ വിഭാഗങ്ങൾക്കും ജനറൽ മെറിറ്റ് വിദ്യാർത്ഥികൾക്കും എത്ര സീറ്റുകളുടെ കുറവ് 2010-ലെ സംവരണ വ്യവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ വരുന്നുണ്ട്? | (സി) | കൃത്യമായ കണക്ക് ലഭ്യമല്ല |

സെക്ഷൻ ഓഫീസർ